ഭൂമി പതിച്ച് നൽകുന്നതിന്റെ വ്യവസ്ഥകൾ

14 (1324) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾക്കായി ഭൂമി പതിച്ച് നൽകുന്നതിനോ പാട്ടത്തിന് നൽകുന്നതിനോ ആയിട്ട് എത്ര അപേക്ഷകൾ വിവിധ ഓഫീസുകളിലായി കെട്ടിക്കിടക്കുന്നുണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഭൂമി പതിച്ച് നൽകുന്നതിനും പാട്ടത്തിന് നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത ഓരോ അപേക്ഷയും ഇത്ര കാലം വരെ പഴക്കമുണ്ടെന്നുള്ള വസ്തുത വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾക്ക് ഭൂമി പതിച്ച് നൽകുന്നതും പാട്ടത്തിന് നൽകുന്നതും നിലവിൽ നിർത്തിവെച്ചിട്ടുണ്ടോ ;

(ഇ) പ്രസ്തുത ഭൂമി പതിച്ച് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കി സമയബന്ധിതമായി ഭൂമി പതിച്ച് നൽകുന്നതിനും പാട്ടത്തിന് നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ജില്ല	അപേക്ഷകളുടെ എണ്ണം
തിരുവനന്തപുരം	433
കൊല്ലം	24
പത്തനംതിട്ട	5
ഇടുക്കി	അപേക്ഷകൾ ഇല്ല.
ആലപ്പുഴ	373
കോട്ടയം	24
എറണാകുളം	29
തൃശൂർ	17
പാലക്കാട്	34
മലപ്പുറം	41
കോഴിക്കോട്	1
വയനാട്	18
കണ്ണൂർ	98
കാസർഗോഡ്	445

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1964-ലെ കേരള ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരവും 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരവുമാണ് ഭൂമി പതിച്ച്/പാട്ടത്തിന് നൽകുന്നത്.

(സി) ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ജില്ല		
തിരുവനന്തപുരം	-	രണ്ട് വർഷം പഴക്കമുണ്ട്.
കൊല്ലം	-	അപേക്ഷ 1-15 വർഷം പഴക്കം
	-	അപേക്ഷ 3-3 വർഷം
	-	അപേക്ഷ 18-2 വർഷം
	-	അപേക്ഷ 2-1 വർഷം
പത്തനംതിട്ട	-	അപേക്ഷ 1-25 വർഷം
	-	അപേക്ഷ 2-7 വർഷം
	-	അപേക്ഷ 1-15 വർഷം
	-	അപേക്ഷ 1-2 വർഷം
ആലപ്പുഴ	-	5 വർഷം വരെ പഴക്കമുള്ള ഫയലുകൾ ഉണ്ട്.
കോട്ടയം	-	1 മുതൽ 2 വർഷം വരെ പഴക്കമുണ്ട്.
എറണാകുളം	-	1988 മുതലുള്ള 29 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്.
തൃശ്ശൂർ 1993	-	1 എണ്ണം
1994	-	2 "
1995	-	4 "
1997	-	2 "
1998	-	2 "
1999	-	3 "
2000-01	-	3 "
പാലക്കാട്	-	32 അപേക്ഷകൾ 1 വർഷം
	-	1 അപേക്ഷ 3 വർഷം
	-	1 അപേക്ഷ 12 വർഷം
മലപ്പുറം	-	ഒരു വർഷം പഴക്കമുണ്ട്.
കോഴിക്കോട്	-	10 ദിവസം പഴക്കമുണ്ട്.
വയനാട്	-	8 അപേക്ഷ 10 വർഷം
	-	7 " 9 "
	-	2 " 3 "
	-	1 " 3 മാസം

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ	-	5 അപേക്ഷകൾ 7 വർഷം
	-	10 " 6 "
	-	19 " 5 "
	-	11 " 4 "
	-	11 " 3 "
	-	9 " 2 "
	-	16 " 1 "
	-	17 " 6 മാസത്തിൽ താഴെ പഴക്കം.
കാസർഗോഡ്	-	5 വർഷം മുതൽ 15 വർഷം വരെ പഴക്കമുള്ള ഫയലുകൾ ഉണ്ട്.

(ഡി) ഇല്ല.

(ഇ) കാലതാമസം ഒഴിവാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഭൂമി പതിച്ച് നൽകുന്നതിന് ശ്രീ. ഖാസി മുഹമ്മദ് സമർപ്പിച്ച ഹർജി

15(1325) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തെക്കിൽ വില്ലേജിൽ റി. സ 412/1 എ-യിൽ പെട്ട പുറംപോക്ക് സ്ഥലത്ത് താമസിക്കുന്ന ഖാസിം മുഹമ്മദ് മുതൽ പേർക്ക് പ്രസ്തുത ഭൂമി പതിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഹർജിയിൻ മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പതിച്ചു നൽകുവാൻ ആവശ്യപ്പെട്ട സ്ഥലം പൊതു ആവശ്യങ്ങൾക്കായി നീക്കിവച്ചിട്ടുള്ള സ്ഥലമായതിനാൽ, നിലവിലുള്ള നിയമ പ്രകാരം അപേക്ഷകർക്ക് പതിച്ച് നൽകുവാൻ നിർവ്വാഹമില്ല.

ഹോസ്ദുർഗ്ഗ് താലൂക്ക് ഓഫീസ് കോമ്പൗണ്ടിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിന് നടപടി

16(1326) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്ക് ഓഫീസ് കോമ്പൗണ്ടിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനായി തറക്കല്ല് സ്ഥാപിച്ചിട്ടുണ്ടായിരുന്നോ ;

(ബി) പ്രസ്തുത സ്ഥലത്ത് റവന്യൂ ടവർ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly